കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 10.755 കോടി രൂപയുമാണ് പിരിഞ്ഞുകിട്ടാനുള്ളത്. മറ്റു നികുതികളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 30-9-1986-ൽ അവസാനിക്കുന്ന അർദ്ധവർഷത്തിൽ ഓരോ ജില്ലയിലും വിൽപ്പനനികുതിയിലും കാർഷികാദായ നികുതിയിലും പിരിഞ്ഞുകിട്ടേണ്ട സംഖ്യയുടെ വിവരം യഥാക്രമം അനുബന്ധം 1-ലും അനുബന്ധം 2-ലും കൊടുത്തിരിക്കുന്നു. † മറ്റു നികുതികളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

അഗ്രികൾച്ചറൽ ഇൻകംടാക്സ് ഇനത്തിൽ പിരിഞ്ഞു കിട്ടിയ തുക

247 [301] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 വർഷത്തിൽ ഏപ്രിൽ ഒന്നു മുതൽ സെപ്റ്റംബർ 30 വരെ അഗ്രികൾച്ചറൽ ഇൻകംടാക്സ് ഇനത്തിൽ പിരിഞ്ഞുകിട്ടിയ തുക എത്ര ;

(ബി) 1986-87 വർഷത്തിൽ ഏപ്രിൽ ഒന്നു മുതൽ സെപ്റ്റംബർ 30 വരെ അഗ്രികൾച്ചറൽ ഇൻകംടാക്സ് ഇനത്തിൽ പിരിഞ്ഞുകിട്ടിയ തുക എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 6 കോടി രൂപ.

(ബി) 6 കോടി രൂപ.

കാർഷികാദായ നികുതി കുടിശ്ശിക

248 [302] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-3-1986-ൽ കാർഷികാദായ നികുതിയിനത്തിൽ ഉണ്ടായിരുന്ന കുടിശ്ശിക എത്ര ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ;

(സി) 30-9-1986-ൽ കാർഷികാദായ നികുതിയിനത്തിൽ പിരിഞ്ഞു കിട്ടേണ്ട തുക എത്ര ;

(ഡി) ജില്ല തിരിച്ച് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 31-3-1986-ൽ കാർഷികാദായ നികുതിയിനത്തിൽ 28.4367 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്. ഇതിൽ 19.1968 കോടി രൂപ മുൻ വർഷങ്ങളിലെ കുടിശ്ശികയും 9.2399 കോടി രൂപ 1985-86-ലെ കുടിശ്ശികയുമാണ്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(സി) 1986-87-ലെ ബഡ്ജറ് പ്രകാരം കാർഷികാദായ നികുതി ഇനത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യം 21.51 കോടി രൂപയാണ്. ആകയാൽ ആനുപാതികമായി അർദ്ധ വർഷ ലക്ഷ്യം 10.755 കോടി രൂപയാണ്.

(ഡി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2-ൽ കൊടുത്തിരിക്കുന്നു.†

കേന്ദ്ര വിൽപ്പന നികുതി നിയമത്തിലുണ്ടായ ഭേദഗതിമൂലമുണ്ടായ നഷ്ടം

249 [303] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വിൽപ്പന നികുതി നിയമത്തിൽ കേരളത്തിനെ ബാധിക്കുന്ന ഏതെല്ലാം ഭേദഗതികളാണ് കേന്ദ്രം നടപ്പിലാക്കിയത് ;

(ബി) ഇതുമൂലം ഒരു വർഷം സംസ്ഥാനത്തിന് വിൽപ്പന നികുതി ഇനത്തിൽ വരുന്ന നഷ്ടം എത്രയാണ് ;

(സി) 1976 മുതൽ 1986 വരെ സംസ്ഥാനത്തിന് ഈ ഇനത്തിൽ വന്ന നഷ്ടം എത്രയാണ് ?

ഉത്തരം

(എ) കേന്ദ്ര വിൽപ്പനനികുതി (ഭേദഗതി) നിയമം 1976 പ്രകാരം ചില നിബന്ധനകൾക്ക് വിധേയമായി, കയറ്റുമതി ചെയ്യുകയും ഇറക്കുമതി ചെയ്യുകയും ചെയ്യുന്ന സാധനങ്ങൾക്ക് നികുതിയിൽ നിന്നും ഇളവുനൽകുകയുണ്ടായി. ഇത് കേരളത്തിന്റെ നികുതിവരുമാനത്തെ സാരമായി ബാധിക്കുകയുണ്ടായി.

(ബി) ഇതുമൂലം സംസ്ഥാനത്തിന് വർഷംതോറും ഉദ്ദേശം 26 കോടിയോളം രൂപ നഷ്ടമുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) 1976 മുതൽ 1986 വരെ സംസ്ഥാനത്തിന് ഈ ഇനത്തിൽ വന്ന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടില്ല.

വിൽപന നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക

250 [304] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 വർഷത്തിൽ ഏപ്രിൽ ഒന്നുമുതൽ സെപ്റ്റംബർ 30 വരെ വിൽപന നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക എത്ര ;

(ബി) 1986-87-ൽ അതേ കാലയളവിൽ പ്രസ്തുത ഇനത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞ തുക എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 195.08 കോടി രൂപ.

(ബി) 211.59 കോടി രൂപ.

† അനുബന്ധം—V.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 302 കാണുക

31-3-1986-ലെ കണക്കിൻ പ്രകാരം കാർഷികാദായ നികുതിയിനത്തിലുള്ള കുടിശ്ശികയുടെ ജില്ല തിരിച്ചുള്ള കണക്ക് (രൂപ ലക്ഷത്തിൽ)

ജില്ല	മുൻവർഷങ്ങളിലെ കുടിശ്ശിക	തന്നാണ്ടത്തെ കുടിശ്ശിക	ആകെ കുടിശ്ശിക
തിരുവനന്തപുരം	247.85	27.00	274.85
കൊല്ലം	53.94	26.17	80.11
പത്തനംതിട്ട	5.43	27.27	32.70
ആലപ്പുഴ	52.41	33.47	85.88
കോട്ടയം	200.75	136.12	336.87
ഇടുക്കി	686.78	286.47	973.25
എറണാകുളം	79.46	31.10	110.56
തൃശ്ശൂർ	100.58	24.79	125.37
പാലക്കാട്	80.68	58.73	139.41
മലപ്പുറം	53.36	29.58	82.94
കോഴിക്കോട്	82.06	46.45	128.51
വയനാട്	243.49	172.29	415.78
കണ്ണൂർ	6.04	8.52	14.56
കാസർകോഡ്	26.85	16 03	42.88
ആകെ	1919.68	923.99	2843.67

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V (എ)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 302 കാണുക

കാർഷികാദായ നികുതി പിരിവ് 1986-87-ലെ ലക്ഷ്യം അർദ്ധ വാർഷിക ലക്ഷ്യം എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്ക്

(തുക കോടി രൂപയിൽ)

ജില്ല	1986-87 ലക്ഷ്യം	1986-87-ലെ അർദ്ധ വാർഷിക ലക്ഷ്യം
തിരുവനന്തപുരം	1.19	0.595
കൊല്ലം	0.33	0.165
പത്തനംതിട്ട	0.24	0.120
ആലപ്പുഴ	1.17	0.585
കോട്ടയം	3.04	1.520
ഇടുക്കി	5.61	2.805
എറണാകുളം	6.08	3.040
തൃശ്ശൂർ	0.23	0.115
പാലക്കാട്	0.37	0.185
മലപ്പുറം	0.70	0.350
കോഴിക്കോട്	1.17	0.585
വയനാട്	1.17	0.585
കണ്ണൂർ	0.10	0.050
കാസർകോട്	0.11	0.055
ആകെ	21.51	10.755

2/1916/B.

LIBRARY ARCHIVES Kerala Legislative Assembly